# Jubilet

Jubilee Mission Medical College & Research Institute Since 1951 Vol. 12 Issue 4 April - June 2026



# ഉള്ളടക്കം

CONTENT


Welcome TO JUBILEE FAMILY 33

THANK YOU 34

DOCTOR'S CORNER OTITIS MEDIA WITH EFFUSION (OME): A SILENT KILLER OF MIDDLE EAR - A CLINICAL OVERVIEW 36

ഒരു രോഗിയും കഷ്ടപ്പെടരുത് ........................................ 01

ഡോ. ഡി. എം വാസുദേവൻ ഒറേഷൻ................................ 04

ന്യൂറോളജി സെന്റർ ഓഫ് എക്സലൻസ് .......................... 07

കാസ്കേഡ് 2026......................................................... 09

ലോക കേൾവിദിനാചരണം ............................................ 12

ആലപ്പാട്ടച്ചൻ അനുസ്മരണം.. ......................................... 14

ബിരുദ ദാനചടങ്ങ് നടന്നു. .............................................. 16

ഗൈനക്കോളജി ക്യാൻസർ സ്ക്രീനിംഗ് ക്യാമ്പ് ............... 17

മെഡിക്കൽ പവലിയൻ ഉദ്ഘാടനം ചെയ്തു.................. 18

ജൂബിലിയിൽ 'സേഫ് മദർ ഹുഡ് ഡേ'............................ 20

സ്കീസോഫ്രീനിയ ദിനാചരണവും സമ്മാനദാനവും....... 21

തൃശ്ശൂർ കോർപ്പറേഷനിൽ മെഡിക്കൽ ക്യാമ്പ് .............. 22

ജൂബിലി മിഷൻ കെയർ കാർഡ് പദ്ധതി ആരംഭിച്ചു..... 23

നേഴ്സസ്ദിനം ആഘോഷിച്ച് ജൂബിലി ............................ 25

പാൽപുഞ്ചിരി കാത്തവർക്ക് ആനന്ദകണ്ണീരുമായി......... 26

ലോക ഹീമോഫീലിയ ദിനം............................................ 27

ജൂബിലി മെഡിക്കൽ കോളേജിന് അഭിമാനനേട്ടം... ....... 28

ലോകാരോഗ്യ ദിനം... .................................................. 30

ഹാർമണി 2026 മാതാപിതാക്കളുടെ സംഗമം .................... 31

നതലവേദന: കാരണങ്ങളും പരിഹാരവും ..................... 41

RESEARCH WINGS JOURNAL CLUB 35

നമുക്കിടയിൽ നവീകരിച്ച ജൂബിലി അറ്റ് ഹോം പദ്ധതിയും ജെറിയാട്രിക്സ് മെമ്മറി ക്ലിനിക്കും 10



# വിശുദ്ധ യൗസേപ്പിതാവ് നീതിയുടെയും അധ്വാനത്തിന്റെയും മാതൃക

തിരുസഭയുടെയും കുടുംബങ്ങളുടെയും സംരക്ഷകനായ വിശുദ്ധ യൗസേപ്പിതാവിന്റെ ജീവിതം ലളിതമെങ്കിലും അനേകം പാഠങ്ങൾ നമുക്ക് നൽകുന്നുണ്ട്. സുവിശേഷങ്ങളിൽ അധികമൊന്നും സംസാരിക്കാത്ത നിശബ്ദനായ വ്യക്തിയാണെങ്കിലും തന്റെ പ്രവൃത്തികളിലൂടെ നീതിയും അധ്വാനശീലവും എങ്ങനെ ഒരുമിച്ചുകൊണ്ടുപോകാം എന്ന് അദ്ദേഹം ലോകത്തിന് കാണിച്ചുതന്നു. വിശുദ്ധ ഗ്രന്ഥത്തിൽ യൗസേപ്പിതാവിനെ വിശേഷിപ്പിക്കുന്നത് നീതിമാനായ യൗസേപ്പ്

എന്നാണ്. ദൈവത്തിന്റെ നിയമങ്ങളോടുള്ള വിശ്വസ്തതയും മനുഷ്യരോടുള്ള കരുണയും ചേരുന്നതാണ് അദ്ദേഹത്തിന്റെ നീതിബോധം. നിയമത്തേക്കാൾ ഉപരിയായി സ്നേഹത്തിനും മാനുഷികമൂല്യങ്ങൾക്കും മുൻഗണന നൽകുന്ന നീതിബോധമായിരുന്നു വിശുദ്ധ യൗസേപ്പിതാവിന്റേത്. സ്വയം നീതിമാനായിക്കൊണ്ട് ദൈവഹിതത്തിന് പൂർണ്ണമായി കീഴ്വഴങ്ങുന്നതാണ് യഥാർത്ഥ നീതി എന്ന് അദ്ദേഹം സ്വന്തം ജീവിതത്തിലൂടെ തെളിയിച്ചു.



തൊഴിലാളികളുടെ മദ്ധ്യസ്ഥൻ എന്നാണ് വിശുദ്ധ യൗസേപ്പിതാവ് അറിയപ്പെടുന്നത്. ഒരു മരപ്പണിക്കാരനായിരുന്നു അദ്ദേഹം. കഠിനാധ്വാനത്തിലൂടെയാണ് നസ്രത്തിലെ തിരുക്കുടുംബത്തെ യൗസേപ്പിതാവ് പുലർത്തിയത്. ജോലി – തൊഴിൽ – ചെയ്യുക എന്നത് ഉപജീവനത്തിനുള്ള കേവലം ഒരു മാർഗ്ഗം മാത്രമല്ല അതോടൊപ്പം ദൈവത്തിന്റെ സൃഷ്ടികർമ്മത്തിലുള്ള പങ്കാളിത്തമാണ് എന്ന് അദ്ദേഹം പഠിപ്പിച്ചു.

സ്വന്തം തൊഴിലിനോട് കാണിച്ച വിശ്വസ്തതയും ഏകാഗ്രതയും അധ്വാനത്തിന് ആത്മീയമായ ഒരു തലം നൽകി. തൊഴിൽ ചെയ്യുന്ന ഏതു വ്യക്തിക്കും അഭിമാനത്തോടെ നോക്കി നിൽക്കാവുന്ന മാതൃകയാണ് വിശുദ്ധ യൗസേപ്പിതാവ്. ആ മാതൃക ഇന്നും ഏറെ പ്രസക്തമാണ്. ലോകത്ത് തൊഴിലിടങ്ങളിൽ അർപ്പണബോധവും സത്യസന്ധതയും പുലർത്താൻ വിശുദ്ധ യൗസേപ്പിതാവിന്റെ ജീവിതം നമുക്ക് പ്രചോദനമാണ്.

നീതി നടപ്പാക്കുന്നതിൽ യൗസേപ്പിതാവ് കാണിച്ച നിശബ്ദമായ ധീരത ശ്രദ്ധേയമാണ്. ഉണ്ണീശോയെയും പരിശുദ്ധ കന്യകാമറിയത്തെയും സംരക്ഷിക്കാൻ കാണിച്ച ജാഗ്രത, അനീതിക്കെതിരെയുള്ള ചെറുത്തുനിൽപ്പായിരുന്നു. കടമകൾ വിട്ടുവീഴ്ചയില്ലാതെ ചെയ്തുതീർക്കുന്നതിൽ വിശുദ്ധ യൗസേപ്പിതാവ് പുലർത്തിയ കൃത്യനിഷ്ഠ ന്യായമായ, നീതിപൂർവ്വകമായ ജീവിതരീതിയുടെ അടയാളമാണ്. മറ്റുള്ളവരെ ബഹുമാനിക്കണം, ആദരിക്കണം, സത്യസന്ധവും സുതാര്യവുമായ ഇടപെടലുകൾ നടത്താനും വിശുദ്ധൻ കാണിച്ചുതന്ന വഴികൾ ഇന്നും പ്രസക്തമാണ്.

വിശുദ്ധ യൗസേപ്പിതാവ് നയിച്ച ലളിതജീവിതം നീതിയുടെയും അധ്വാനത്തിന്റെയും വലിയ സന്ദേശമാണ് നൽകുന്നത്. ആഡംബരങ്ങളോ, ആഘോഷങ്ങളോ, ആർപ്പുവിളികളോ ഇല്ലാത്ത നിശബ്ദമായ പ്രവൃത്തികളിലൂടെ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റി നമ്മുടെ തൊഴിലിടങ്ങളിലും വ്യക്തിജീവിതത്തിലും നീതിയും ന്യായവും മുറുകെപിടിച്ചുകൊണ്ട് മുന്നേറാൻ വിശുദ്ധ യൗസേപ്പിതാവിന്റെ മാതൃക നമ്മെ സഹായിക്കട്ടെ.

അധ്വാനിക്കുന്ന കരങ്ങൾ ദൈവത്തിന്റെ കരങ്ങളാണെന്ന്
വിശുദ്ധൻ ലോകത്തെ ബോധ്യപ്പെടുത്തി.

ഫാ. ഫ്രിന്റോ ജോർജ്ജ്




## ഡോ. ഡി. എം. വാസുദേവൻ എൻഡോവ്മെന്റ് ഒറേഷൻ

# പ്രതിരോധകോശങ്ങളുടെ അമിത പ്രവർത്തനവും തളർച്ചയും പുതിയ ചികിത്സാരീതി

എച്ച്.ഐ.വി. ബാധിതരിൽ പ്രതിരോധ സംവിധാനം അമിതമായി ഉത്തേജിപ്പിക്കപ്പെടുന്നതും (immune activation), തുടർന്നുണ്ടാകുന്ന പ്രതിരോധ കോശങ്ങളുടെ തളർച്ചയും രോഗമുക്തിയെ പ്രതികൂലമായി ബാധിക്കുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നതായി ഡോ. ദേഷ്രത്ന അസ്താന ചൂണ്ടിക്കാട്ടി. വിട്ടുമാറാത്ത ഇമ്മ്യൂൺ അക്റ്റിവേഷൻ രോഗിയുടെ ആരോഗ്യനില വഷളാകുന്നതിനും എയിഡ്സ് (AIDS) അവസ്ഥയിലേക്ക് വേഗത്തിൽ എത്തുന്നതിനും കാരണമാകുന്നു. ദീർഘകാലത്തെ എച്ച്.ഐ.വി. അണുബാധ ശരീരത്തിന്റെ സ്വാഭാവിക പ്രതിരോധ സംവിധാനത്തെ അമിതമായി പ്രവർത്തിപ്പിക്കുകയും ഒടുവിൽ കോശ

ങ്ങൾ തളർന്നുപോകുന്ന ഇമ്മ്യൂൺ എക്സോഷ്യൻ (immune exhaution) എന്ന അവസ്ഥയിലേക്ക് നയിക്കുകയും ചെയ്യുന്നു. രക്തപ്രവാഹത്തിൽ അണുക്കളുടെ സാന്നിധ്യം വർദ്ധിക്കുന്നത് പ്രതിരോധ സംവിധാനത്തിന്റെ ഈ അമിത ഉത്തേജനത്തിന് പ്രധാന കാരണമാകുന്നുവെന്ന് ഡോ. ദേഷ്രത്ന തുടർന്നുപറഞ്ഞു. എച്ച്. ഐ. വി. ബാധിതരിലെ ഇമ്മ്യൂൺ സജീവതയും പ്രതി രോധ തളർച്ചയും - എന്ന വിഷയത്തെ അധികരിച്ച് തൃശ്ശൂരിലെ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ഗവേഷണവിഭാഗം മേധാവി ഡോ. ഡി. എം. വാസുദേവൻ എന്റോവ്മെന്റ് ഒറേ ഷനിൽ എട്ടാമത് പ്രഭാഷണം നടത്തുകയായിരുന്നു അമേരി ക്കയിലെ ഔഷധഗവേഷണ സ്ഥാപനമായ പയോജെനിക്സ് സി.ഇ.ഒ. ഡോ. ദേഷ്രത്ന അസ്താന.

പ്രമുഖ ശാസ്ത്രജ്ഞനായ ഡോ. ദേഷ്രത്ന അസ്താന യുടേയും സംഘത്തിന്റേയും നേതൃത്വത്തിൽ നടന്ന പഠനങ്ങൾ, രോഗം മൂർച്ഛിക്കുന്നതിനും പ്രതിരോധ കോശങ്ങളുടെ ഈ തളർച്ചയും തമ്മിലുള്ള നേരിട്ടുള്ള ബന്ധത്തെക്കുറിച്ച് നിർണ്ണാ യക വിവരങ്ങൾ നൽകുന്നു. ശരീരത്തിലുണ്ടാകുന്ന വീക്കം (inflamation), പ്രതിരോധകോശങ്ങളുടെ അമിത പ്രവർത്തനം, അവയുടെ തളർച്ച എന്നിവയെ കൂടുതൽ കൃത്യമായി മനസ്സി ലാക്കാനും പ്രതിരോധിക്കാനും പുതിയ ചികിത്സാരീതികൾ അത്യാവശ്യമാണെന്ന് ഈ പഠനം ഓർമ്മിപ്പിക്കുന്നു.

എന്റോവ്മെന്റ് ഒറേഷനിൽ ജൂബിലി മെഡിക്കൽ കോളേ ജ് പ്രിൻസിപ്പാൾ ഡോ. എം. എ. ആൻഡ്രൂസ് അദ്ധ്യക്ഷതവ ഹിച്ചു. ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകു രിയൻ ഉദ്ഘാടനം ചെയ്തു. ഡോ. രഘു കെ. ജി. പ്രഭാഷകനെ പരിചയപ്പെടുത്തി. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ടെറിൻ മുള്ള ക്കര ഉപഹാരം സമർപ്പിച്ചു. ജൂബിലി പുരസ്കാരം മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ സമ്മാനിച്ചു. ഡോ. വാസുദേവനെക്കുറിച്ച് ഡോ. കെസിയ കുരുവിള പ്രസിദ്ധീകരിച്ച പുസ്തകം ഡോ. വാസുദേവൻ കൈയ്യൊപ്പുചാർത്തി പ്രഭാഷ കന് സമ്മാനിച്ചു. ഡോ. പി. ആർ. വർഗ്ഗീസ് സ്വാഗതവും ഡോ. മാത്യു ജോൺ നന്ദിയും പറഞ്ഞു. ഡോ. ഡി. എം. വാസുദേവൻ, ശ്രീമതി ദേവി വാസുദേവൻ, അമൃതയിലെ ഡോ. വി. ശിവ

കുമാർ, അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ ഡോ. മിനി കരിയപ്പ, തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഡോ. പി. എസ്. വാസുദേവൻ, ഡോ. കെസിയ കുരുവിള തുടങ്ങിയവർ പങ്കെടുത്തു.

ഡോ. ദേഷ്‌രത്‌ന അസ്താന അമേരിക്കയിലെ ഔഷധ ഗവേഷണ സ്ഥാപനമായ പയോജെനിക്സ് സി.ഇ.ഒ. ഡോ. ദേഷ്‌രത്‌ന അസ്താന, ക്ലിനിക്കൽ ഇമ്മ്യൂണോളജി, മെഡിക്കൽ ഗവേഷണം എന്നീ മേഖലകളിൽ അന്താരാഷ്ട്രതലത്തിൽ ശ്രദ്ധേയനായ വ്യക്തിത്വമാണ്. ഡൽഹി എയിംസിൽ നിന്ന് പി.എച്ച്.ഡി. നേടിയ അദ്ദേഹം മിയാമി സർവ്വകലാശാലയിൽ നിന്ന് എം.ബി.എ.യും പൂർത്തിയാക്കി ശാസ്ത്രത്തെയും ഭരണ നിർവഹണത്തെയും സമന്വയിപ്പിച്ചു. മൂന്ന് പതീറ്റാണ്ടോളം മിയാമി സർവ്വകലാശാലയിൽ പ്രൊഫസറായും ക്ലിനിക്കൽ ലാബ് ഡയറക്ടറായും സേവനമനുഷ്ഠിച്ച അദ്ദേഹം പ്രതിസന്ധിയിലായിരുന്ന ചികിത്സ-ഗവേഷണ വിഭാഗത്തെ ലാഭകരമായ സംരംഭമാക്കി മാറ്റി. എച്ച്.ഐ.വി., പകർച്ചവ്യാധി മേഖലകളിൽ വിദഗ്ധ ഗവേഷകനായ അദ്ദേഹം എഴുപത്തഞ്ചിലധികം ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിലവിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പയോജെനിക്സ് വികസിപ്പിച്ച നിരവധി രോഗനിർണ്ണയ സംവിധാനങ്ങൾക്ക് യു.എസ്. എഫ്.ഡി.എ. അംഗീകാരം ലഭിച്ചിട്ടുണ്ട്. അറുനൂറിലധികം ക്ലിനിക്കൽ ട്രയലുകൾക്കും അദ്ദേഹം നേതൃത്വം നൽകി.

## Congratulations!

ദേശീയ സ്ട്രോക്ക് കോൺഫറൻസ് INSC 2026 ന്യൂറോളജി ക്വിസ് മത്സരത്തിൽ ഒന്നാം സമ്മാനം നേടിയ ജൂബിലി മിഷൻ ന്യൂറോളജി വിഭാഗം റെസിഡന്റുമാരായ ഡോ. അശ്വതിയ്ക്കും ഡോ. ജാഫിൻ ബഷീറിനും ജൂബിലി കുടുംബത്തിന്റെ

**അഭിനന്ദനങ്ങൾ...**





# ന്യൂറോളജി സെൻ്റർ ഓഫ് എക്സലൻസ്

പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ സെൻ്റർ ഓഫ് എക്സലൻസ് ഇൻ ന്യൂറോ സയൻസസ് സി.ബി.സി.ഐ. പ്രസിഡൻ്റ് കർദ്ദിനാൾ അന്തോണി പൂല ഉദ്ഘാടനം ചെയ്തു. ആരോഗ്യ

സേവന രംഗത്ത് സമഗ്രവും മനുഷ്യകേന്ദ്രീകൃതവുമായ ഇട പെടലുകളുടെ പ്രാധാന്യം അദ്ദേഹം എടുത്തുപറഞ്ഞു. ന്യൂറോ സയൻസസ് മേഖലയിലെ അത്യാധുനിക ചികിത്സയും ഗവേ ഷണ സൗകര്യങ്ങളും സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ലഭ്യമാക്കുന്നതിനുള്ള ജൂബിലി മിഷന്റെ ശ്രമങ്ങളെ അദ്ദേഹം അഭിനന്ദിച്ചു.

സാങ്കേതിക മികവും കരുണാപൂർവ്വമായ സേവന മനോഭാവവും കൈകോർക്കുമ്പോഴാണ് ആരോഗ്യ സ്ഥാപനങ്ങൾ സമൂഹത്തിന് കൂടുതൽ പ്രയോജനകരമാകുന്നതെന്ന് ചടങ്ങിൽ അധ്യക്ഷതവ ഹിച്ച ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ചൂണ്ടിക്കാട്ടി. ന്യൂറോളജി, ന്യൂറോസർജറി, ക്രിറ്റിക്കൽ കെയർ, ഫിസിക്കൽ മെഡിസിൻ മേഖലകളിൽ സമഗ്ര ചികിത്സയും അത്യാധുനിക പരിശോധന ഗവേഷണ സൗകര്യങ്ങളും ഒരൊറ്റ കുടക്കീഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന ഈ കേ ന്ദ്രം രോഗികൾക്ക് മികച്ച ചികിത്സാ പരിചരണം ഉറപ്പാക്കുന്ന തിൽ നിർണ്ണായക പങ്ക് വഹിക്കുമെന്ന് ചടങ്ങിൽ സ്വാഗതം ആശംസിച്ച ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകു രിയൻ വ്യക്തമാക്കി. ന്യൂറോളജി വിഭാഗം മേധാവി ഡോ. ഫിജു ചാക്കോ, ന്യൂറോ സർജറി വിഭാഗം മേധാവി ഡോ. എൻ.ഐ. കുരിയൻ എന്നിവർ സെന്റർ ഫോർ എക്സലൻസ് എന്ന ആശയം അവതരിപ്പിച്ചു. പ്ലാറ്റിനം ജൂബിലി വർഷത്തിൽ ജൂബിലി മിഷൻ ആശുപത്രിയിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന പത്ത് മികവി ന്റെ കേന്ദ്രങ്ങളിൽ ആദ്യത്തേതാണ് ന്യൂറോ സയൻസസ്.

മെഡിക്കൽ രംഗത്തെ പ്രമുഖരും സാമൂഹിക-മത നേതാ ക്കളും അധ്യാപകരും വിദ്യാർത്ഥികളും ഉൾപ്പെടെ നിരവധിപേർ ചടങ്ങിൽ പങ്കെടുത്തു. ഭാരത കത്തോലിക്കാ മെത്രാൻ സമിതി യുടെ അദ്ധ്യക്ഷനയ കർദ്ദിനാളിന് മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ ഉപഹാരം സമർപ്പിച്ചു. ചീഫ് എക്സിക്യൂ ട്ടീവ് ഓഫീസർ ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ നന്ദി പ്രകടിപ്പിച്ചു. പ്ലാറ്റിനം ജൂബിലി സമിതിയുടെ വർക്കിങ്ങ് ചെയർ മാൻ ഫാ. ടെറിൻ മുള്ളക്കര ഓർഗനൈസിങ്ങ് സെക്രട്ടറി ഡോ. പി.ആർ. വർഗ്ഗീസ്, പ്രിൻസിപ്പൽ ഡോ. എം.എ. ആൻഡ്രൂസ്, ഡോ. പി.സി. ഗിൽവാസ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



# കാസ്കേഡ് 2026

ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗം സംഘടിപ്പിച്ച കാസ്കേഡ് 2026 എന്ന കോആഗുലേഷൻ വിഷയത്തിലുള്ള അക്കാദമിക് വർക്ഷോപ്പിന്റെ 15-ാം പതിപ്പ് വിജയകരമായി നടന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ഏകദേശം ഇരുപതോളം പ്രതിനിധികൾ പരിപാടിയിൽ പങ്കെടുത്തു. ഇത് പരിപാടിയുടെ ദേശീയ പ്രാധാന്യവും അക്കാദമിക് നിലവാരവും വ്യക്തമാക്കുന്നതാണെന്ന് ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അഭിപ്രായപ്പെട്ടു. കോആഗുലേഷനുമായി ബന്ധപ്പെട്ട ആധുനിക രീതികളും തെളിവുകളെ അടിസ്ഥാനമാക്കിയുള്ള നിർണ്ണയ മാർഗ്ഗങ്ങളും വിഷയമാക്കി ഇന്ററാക്ടീവ് സെഷനുകളും കേസ് അടിസ്ഥാനപ്പെടുത്തിയ പഠനരീതികളും ഉൾപ്പെടുത്തി വർക്ഷോപ്പ് സംഘടിപ്പിച്ചു. പങ്കെടുത്തവരുടെ പ്രായോഗിക അറിവ് വർധിപ്പിക്കുന്ന തലത്തിലാണ് ക്ലാസുകൾ ക്രമീകരിച്ചത്. ഇതോടൊപ്പം രാജ്യത്തെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ഹെമറ്റോളജി, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ, പത്തോളജി മേഖലകളിൽനിന്നുള്ള പ്രമുഖ വിദഗ്ദ്ധർ പങ്കെടുത്ത ഓൺലൈൻ ശാസ്ത്രീയ പ്രഭാഷണങ്ങളും സി.എൻ.ഇ. യുടെ ഭാഗമായി നടന്നു. ഇത് പരിപാടിക്ക് കൂടുതൽ അക്കാദമിക് മികവ് നൽകി.




# ജെറിയാട്രിക്സ് മെമ്മറി ക്ലിനിക്കും നവീകരിച്ച 'ജൂബിലി അറ്റ് ഹോം' പദ്ധതിയും

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ ആദ്യത്തെ ജെറിയാട്രിക് മെമ്മറി ക്ലിനിക്കും നവീകരിച്ച 'ജൂബിലി അറ്റ് ഹോം' (Home Care Project) പദ്ധതിയും പ്രവർത്തനമാരംഭിച്ചു. ചടങ്ങിൽ മണപ്പുറം ഫൗണ്ടേഷൻ മാനേജിംഗ് ട്രസ്റ്റി വി. പി. നന്ദകുമാർ പദ്ധതികളുടെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ചു.

ജൂബിലി മിഷൻ പേട്രനും ചെയർമാനും തൃശ്ശൂർ അതിരൂപത ആർച്ച്ബിഷപ്പുമായ മാർ ആൻഡ്രൂസ് താഴത്ത് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. വാർദ്ധക്യസഹജമായ മറവിരോഗങ്ങൾക്കും മറ്റ് ആരോഗ്യപ്രശ്നങ്ങൾക്കും നൂതനമായ ചികിത്സാസൗകര്യങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് മെമ്മറി ക്ലിനി

ക്ക് സജ്ജമാക്കിയിരിക്കുന്നത്. കൂടാതെ രോഗികൾക്ക് വീടുകളിൽതന്നെ വിദഗ്ദ്ധ ചികിത്സയും പരിചരണവും ഉറപ്പാക്കുന്ന ജൂബിലി അറ്റ് ഹോം പദ്ധതി കൂടുതൽ വിപുലമായ സൗകര്യങ്ങളോടെ പുനരാരംഭിച്ചു.

ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സ്വാഗതം ആശംസിച്ചു. ജെറിയാട്രിക് മെഡിസിൻ വിഭാഗം മേധാവി ഡോ. സിജു ജോസ് കൂനൻ പദ്ധതിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു. മണപ്പുറം ഫൗണ്ടേഷൻ സി. ഇ. ഒ. ജോർജ് ഡി. ദാസ്, മാബെൻ (MABEN) മാനേജിങ്ങ് ഡയറക്ടർ വി. എസ്. പ്രസന്നൻ എന്നിവർ ചടങ്ങിൽ ആശംസകൾ അറി




യിച്ചു. ജൂബിലി മിഷൻ സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ നന്ദി രേഖപ്പെടുത്തി.

ജൂബിലി മിഷൻ അസി. ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ, മാബെൻ സി.ഇ.ഒ. ബെസ്റ്റോ ജോസഫ്, ജൂബിലി മിഷൻ പ്രോജക്ട് മാനേജർ ഫ്രാങ്കോ പി. ജോസഫ് ഉൾപ്പെടെയുള്ളവർ ചടങ്ങിൽ പങ്കെടുത്തു. വാർദ്ധക്യകാല ആരോഗ്യ പരിരക്ഷാ രംഗത്ത് തൃശൂരിന് ഈ പദ്ധതികൾ വലിയൊരു മുതൽകൂട്ടാകുമെന്ന് ചടങ്ങിൽ സംസാരിച്ചവർ വ്യക്തമാക്കി.




# ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ലോക കേൾവി ദിനാചരണം



ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ഇ. എൻ. ടി. വിഭാഗത്തിന്റെ നേതൃത്വത്തിൽ ലോക കേൾവിദിനം ആചരിച്ചു. 'സമൂഹത്തിൽനിന്ന് ക്ലാസ്മുറികളിലേക്ക് – എല്ലാ കുട്ടികൾക്കും കേൾവി പരിചരണം' എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിച്ച



പരിപാടി ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്തു. പരിപാടിയിൽ അസി. ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര, സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, പ്രിൻസിപ്പാൾ ഡോ. എം. എ. ആൻഡ്രൂസ്, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ, ഡോ. എം. വി. ജോർജ്, ഡോ. ഇസാൻ എ. ടി., ഡോ. ഡിയോ മാത്യു, റോസ്മേരി സി. ജെ. എന്നിവർ സന്നിഹിതരായിരുന്നു. കേൾവിക്കുറവും അതിന്റെ പ്രാരംഭലക്ഷണങ്ങളും എന്ന വിഷയത്തെക്കുറിച്ച് ഡോ. ദിവ്യ അമ്പൂക്കൻ ബോധവത്ക്കരണ ക്ലാസ് നടത്തി. വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച പോസ്റ്റർ മത്സരത്തിന്റെ സമ്മാനദാനവും നടന്നു. ഇ. എൻ. ടി. വിഭാഗത്തിന്റെ നേതൃത്വത്തിൽ തൃശ്ശൂർ മോഡൽ ഗേൾസ് യു. പി. സ്കൂൾ, ലൂർദ് സെന്റ് മേരീസ് യു. പി. സ്കൂൾ എന്നിവിടങ്ങളിൽ ബോധവത്കരണ ക്ലാസുകൾ നടത്തി. വിദ്യാർത്ഥികളിൽ കേൾവിക്കുറവിന്റെ ലക്ഷണങ്ങൾ നേരത്തെ തിരിച്ചറിയുന്നതിനായി സൗജന്യ ശ്രവണപരിശോധന നടത്തി. കേൾവിസംരക്ഷണത്തെക്കുറിച്ചുള്ള ബോധവത്ക്കരണം ക്ലാസ് മുറികളിൽനിന്ന് സമൂഹത്തിലേക്ക് വ്യാപിപ്പിക്കണമെന്ന് സന്ദേശമാണ് പരിപാടി മുഖ്യമായി ഉയർത്തിക്കാട്ടിയത്.



# ഡോ. ഫ്രാൻസിസ് ആലപ്പാട്ടച്ചനെ അനുസ്മരിച്ച് ജൂബിലി

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് സ്ഥാപക ഡയറക്ടറായ ഡോ. ഫ്രാൻസിസ് ആലപ്പാട്ടച്ചന്റെ വിയോഗത്തോടനുബന്ധിച്ച് നടത്തിയ അനുസ്മരണ പരിപാടി വികാര നിർഭരമായി. സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ള പ്രമുഖരും സഹപ്രവർത്തകരും വിദ്യാർത്ഥികളും പങ്കെടുത്ത ചടങ്ങ് അദ്ദേഹത്തിന്റെ മഹത്തായ സേവനങ്ങളെ ഓർമ്മപ്പെടുത്തുന്നതായി മാറി.

1998 മുതൽ 2010 വരെ ജൂബിലി മിഷന്റെ ഡയറക്ടറായി സേവനമനുഷ്ഠിച്ചിരുന്ന ആലപ്പാട്ടച്ചൻ സ്ഥാപനത്തിന്റെ വളർച്ചക്കും സാമൂഹ്യസേവന പ്രവർത്തനങ്ങൾക്കും നിർണായകമായ സംഭാവനകൾ നൽകിയ വ്യക്തിത്വമായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് ജൂബിലി മെഡിക്കൽ

കോളേജും നേഴ്സിങ് കോളേജും രൂപം കൊണ്ടത്. രക്തദാനവും ഡയാലിസിസ് സേവനങ്ങളും കേരളത്തിൽ പുതുമയാർന്ന തലത്തിലേക്ക് ഉയർത്തുന്നതിൽ അദ്ദേഹം നിർണായക പങ്ക് വഹിച്ചു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഡയാലിസിസ് രോഗികൾക്ക് സൗജന്യ ഡയാലിസിസ് ആരംഭിച്ചതും പാമ്പുകടിയേറ്റ എല്ലാ രോഗികൾക്കും ജൂബിലിയിൽ സൗജന്യ ആന്റിവെനം നൽകാനുള്ള സംവിധാനം ഒരുക്കിയതും അദ്ദേഹത്തിന്റെ മനുഷ്യസ്നേഹത്തിന്റെ തെളിവുകളാണ്. കൂടാതെ രോഗികൾക്ക് സൗജന്യ ഭക്ഷണവും പീഡിയാട്രിക് വിഭാഗത്തിലെ കുട്ടികൾക്ക് സൗജന്യമായി പാലും മുട്ടയും നൽകുന്ന പദ്ധതിയും ആരംഭിച്ചു. 'Give Eyes Gift Sight", "Give Blood Save Life', എന്നീ സന്ദേശങ്ങൾ വ്യാപകമായി സമൂഹത്തിൽ പ്രചരിപ്പിച്ച അദ്ദേഹം തീപൊള്ളൽ ചികിത്സയിൽ ജൂബിലിയെ ഒരു മികച്ച കേന്ദ്രമായി ഉയർത്തിയതും ശ്രദ്ധേയമാണ്. അമ്പത്തിമൂന്ന് പുസ്തകങ്ങൾ രചിച്ച അദ്ദേഹം അറിവിന്റെ പ്രചാരണത്തിലും ശ്രദ്ധേയമായ സംഭാവനകൾ നൽകി.

മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷനായ ചടങ്ങിൽ ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സ്വാഗതം ആശംസിച്ചു. മന്ത്രി കെ രാജൻ മുഖ്യ അനുസ്മരണപ്രസംഗം നടത്തി. മാർ ടോണി നീലങ്കാവിൽ, സി. ബാലചന്ദ്രൻ എം. എൽ. എ, മേയർ നിജി ജസ്റ്റിൻ, ഫ്ളോറ ഗ്രൂപ്പ് ചെയർമാൻ വി. എ. ഹസ്സൻ, മണപ്പുറം ഗ്രൂപ്പ് ചെയർമാൻ വി. പി. നന്ദകുമാർ, പുളിമൂട്ടിൽ സിൽക്ക്സ് എം. ഡി. എബ്രഹാം ചാക്കോ, ജൂബിലി മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. എം. എ. ആൻഡ്രൂസ്, ജൂബിലി ഫ്രറ്റേണിറ്റി പ്രസിഡണ്ടും സംത്സംഗ സെക്രട്ടറിയുമായ സോളി തോമസ്, ഫ്രാൻസിസ് എ. വി., ടി. എസ്. പട്ടാഭിരാമൻ, ജോസ് ആലൂക്കാസ്, ജോയി ആലുക്കാസ്, രാജൻ പല്ലൻ. സേവി തെക്കത്ത്, കൗൺസിലർ ബൈജു വർഗ്ഗീസ്, ബാച്ച് മേറ്റ്സ്, കുടുംബാംഗങ്ങൾ എന്നിവർ ഉൾപ്പെടെ അനുസ്മരണയോഗത്തിൽ സംസാരിച്ചവർ അദ്ദേഹത്തിന്റെ സമർപ്പണബോധവും കരുണയും സമൂഹനന്മയിക്കായുള്ള ദീർഘദർശിത്വവും അനുസ്മരിച്ചു. പരിപാടിയിൽ പങ്കെടുത്ത ഏവർക്കും യോഗം മറക്കാനാകാത്ത അനുഭവമായി.




# ബിരുദ ദാനചടങ്ങ്

ജൂബിലി മിഷൻ നഴ്സിങ്ങ് കോളേജിലെ 19-ാം ബാച്ച് ബി.എസ്.സി നഴ്സിങ്ങ് & 9-ാം ബാച്ച് എം.എസ്.സി വിദ്യാർത്ഥികളുടെയും ബിരുദ ദാനചടങ്ങ് നടന്നു. തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ നഴ്സിംങ്ങ് അഡ്വൈസർ, മിനിസ്ട്രി ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയർ ഡോ. ദീപിക സിസിൽ ഖഖാ ഉദ്ഘാടനം ചെയ്തു. കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് ഡീനും അമല നഴ്സിംങ്ങ് കോളേജ്പ്രിൻസിപ്പളുമായപ്രൊഫ.ഡോ.രാജിരഘുനാഥ്ബിരുദ ദാനം നിർവഹിച്ചു. ജൂബിലി മിഷൻ ഹെൽത്ത് കെയർ & അക്കാദമിക് ഇൻസ്റ്റിറ്റ്യൂഷൻ ഡയറക്ടർ റവ. ഫാ. റെന്നി മുണ്ടൻ കുരിയൻ സ്വാഗതം ആശംസിച്ചു. അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. ജോയ്സൻ ചെറുവത്തൂർ, സി. ഇ. ഒ ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, മെഡിക്കൽ സൂപ്രണ്ട് ഡോ.ഷിബു സി. കള്ളിവളപ്പിൽ, നഴ്സിങ്ങ് കോളേജ് പ്രിൻസിപ്പൽ ഡോ.സി .ജൂഡി എസ്. ഐ. സി., വൈസ് പ്രിൻസിപ്പൽ ഡോ.സി.ട്രീസ്സ ആന്റോ, നഴ്സിങ്ങ് സൂപ്രണ്ട് സി. മെറ്റിൽഡ പോൾ, നഴ്സിങ്ങ് സ്കൂൾ പ്രിൻസിപ്പൽ സി. റെജി അഗസ്റ്റിൻ, പി. ടി. എ. പ്രസിഡന്റ് ജാക്സൺ ജോൺസൺ എന്നിവർ പ്രസംഗിച്ചു.




## ജൂബിലിയിൽ അന്താരാഷ്ട്ര വനിതാദിനാഘോഷം:

# വനിതാ പോലീസ് ഉദ്യോഗസ്ഥർക്കായി സൗജന്യ ഗൈനക്കോളജി ക്യാൻസർ സ്ക്രീനിംഗ് ക്യാമ്പ്

ജൂബിലി മിഷൻ ആശുപത്രിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഗൈനക്കോളജി വിഭാഗം സംഘടിപ്പിച്ച വനിതാദിനാഘോഷവും വനിതാ പോലീസ് ഉദ്യോഗസ്ഥർക്കായുള്ള സൗജന്യ ഗൈനക്കോളജിക്കൽ കാൻസർ സ്ക്രീനിംഗ് ക്യാമ്പും ജൂബിലിയിൽ നടന്നു. പരിപാടിയുടെ ഉദ്ഘാടനം തൃശൂർ സിറ്റി പോലീസ് കമ്മീഷണർ നകുൽ രാജേന്ദ്ര ദേശ്മുഖ് ഐ.പി.എസ്. നിർവ്വഹിച്ചു. ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അധ്യക്ഷതവഹിച്ചു. ഗൈനക്കോളജി വിഭാഗം മേധാവി ഡോ. ബിന്ദു മേനോൻ സ്വാഗതം ആശംസിച്ചു. ഡോ. സറീന ഗിൽവാസ് അന്താരാഷ്ട്ര വനിതാദിന സന്ദേശം നൽകി. സ്വാശ്രയ സ്പെഷൽ സ്കൂൾ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് സ്ഥാപകയും ഡയറക്ടറുമായ ശാന്താ മേനോൻ, കല്യാൺ ഹൈപ്പർമാർക്കറ്റ് എക്സിക്യൂട്ടീവ് ഡയറക്ടർമാരായ വർധിനി പ്രകാശ്, മധുമതി മഹേഷ് എന്നിവർ സന്ദേശങ്ങൾ നൽകി. ഡോ. ഷിബു കള്ളിവളപ്പിൽ, ഫാ. ടെറിൻ മുള്ളക്കര, ഡോ. അശ്വത്ത് കുമാർ എന്നിവർ ആശംസകൾ നേർന്നു. ഡോ. ലോല രാമചന്ദ്രൻ നന്ദി രേഖപ്പെടുത്തി. തുടർന്ന് വനിതാ പോലീസ് ഉദ്യോഗസ്ഥർക്കായി സൗജന്യ ഗൈനക്കോളജി പരിശോധന, പാപ് സ്മിയർ ടെസ്റ്റ്, അൾട്രാസൗണ്ട് സ്കാൻ എന്നിവ ഉൾപ്പെടുന്ന കാൻസർ സ്ക്രീനിങ്ങ് ക്യാമ്പും സംഘടിപ്പിച്ചു.



# പൂരം എക്സിബിഷനിൽ ജൂബിലി മിഷൻ മെഡിക്കൽ പവലിയൻ ഉദ്ഘാടനം ചെയ്തു.

തൃശ്ശൂർ പൂരം എക്സിബിഷനിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഒരുക്കിയ മെഡിക്കൽ പവലിയൻ ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ ആശുപത്രിയുടെ എഴുപത്തഞ്ചാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സജ്ജീകരിച്ചിരിക്കുന്ന പവലിയൻ ആരോഗ്യബോധവത്കരണത്തിന് പ്രാധാന്യം നൽകുന്നതാണ്. പവിലിയന്റെ ഉദ്ഘാടനം മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. ചടങ്ങിൽ പൂരം എക്സിബിഷൻ കമ്മിറ്റി

പ്രസിഡണ്ട് എം. ജയചന്ദ്രൻ, വൈസ് പ്രസിഡണ്ടുമാരായ ശ്രീവൽസൻ എസ്. കുറുപ്പൽ, എ. അരവിന്ദക്ഷൻ, സെക്രട്ടറി കെ. ദിലീപ് കുമാർ, ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ വിവിധ വിഭാഗങ്ങളിലെ ഡോക്ടർമാർ, അധ്യാപകർ, സാങ്കേതിക പ്രവർത്തകർ എന്നിവർ പങ്കെടുത്തു. പവിലിയനിൽ ഈ വർഷം പ്രത്യേകമായി വയോജനങ്ങളുടെ ആരോഗ്യപരിരക്ഷക്ക് പ്രാധാന്യം നൽകിക്കൊണ്ട് അവരെ പരിപാലിക്കേണ്ട രീതികളെക്കുറിച്ച് ജീറിയാട്രിക് മെഡിസിൻ വിഭാഗത്തിന്റെ ബോധവത്കരണവും ആരോഗ്യപരിപാലനത്തോടൊപ്പം രോഗശാന്തിയും ജീവിത നിലവാരവും മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷന്റെ അവബോധന ക്ലാസുകളും ഉണ്ടായിരിക്കും. അടിയന്തര സാഹചര്യങ്ങളിൽ വേണ്ട പ്രഥമ ശുശ്രൂഷ നൽകുന്നതിനായി പൊതുജനങ്ങളെ സജ്ജരാക്കുന്നതിനായി സന്ദർശകർക്ക് ബേസിക് ലൈഫ് സപ്പോർട്ട് (BLS) പരിശീലനവും നൽകുന്നു. ആധുനിക ചികിത്സാരീതികളോടൊപ്പം ആയുർവേദ സ്റ്റാളുകളും പവലിയനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരമ്പരാഗത ആരോഗ്യപരിപാലന രീതികളും സമഗ്ര ചികിത്സാ സമീപനവും സന്ദർശകർക്ക് പരിചയപ്പെടുത്തുന്നതാണ്. എക്സിബിഷനിൽ ഉണ്ടായേക്കാവുന്ന ഏതൊരു അത്യാഹിതവും ഉചിതമായ രീതിയിൽ കൈകാര്യം ചെയ്യാൻ ജൂബിലിയുടെ മെഡിക്കൽ ടീം സജ്ജമാണെന്ന് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അറിയിച്ചു.

## സ്വാഗതം
## ജൂബിലി കുടുംബത്തിലേക്ക്



Fr. Joshy Vennattuparambil
Asst. Director, JMMC & RI



Fr. Anvin Chittilappilly
Asst. Director, JMMC & RI



CA Franco Joseph Konikkara
Accounts Section




# ജൂബിലിയിൽ 'സേഫ് മദർ ഹുഡ് ഡേ'

ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ സേഫ് മദർഹുഡ് ഡേ (സുരക്ഷിത മാതൃത്വദിനം) ആഘോഷിച്ചു. ആശുപത്രിയുടെ അസി. ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര അധ്യക്ഷത വഹിച്ച ചടങ്ങ് തൃശ്ശൂർ അതിരൂപത വികാരി ജനറൽ ഫാ. ജെയ്സൻ കൂനംപ്ലാക്കൽ ഉദ്ഘാടനം ചെയ്തു. മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ എം. എ. ആൻഡ്രൂസ് ആശംസാപ്രസംഗം നടത്തി. ഡോ. അശ്വത്ത് കുമാർ, ഡോ. നീത ജോർജ്ജ് എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി. ഗർഭിണികളെയും സമീപകാലത്ത് അമ്മമാരായവരെയും ചടങ്ങിൽ ആദരിച്ചു. ദുർഘടമായ ഗർഭകാലവഴികളെ സമചിത്തതയോടെ നേരിട്ട അമ്മമാരുടെ അനുഭവ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നത് ഏറെ ശ്രദ്ധേയമായി. ഭാര്യമാരുടെ ഗർഭകാലത്ത് ഭർത്താക്കന്മാരുടെ പങ്കിനെപറ്റിയും ഗർഭാവസ്ഥയിൽ അറിഞ്ഞിരിക്കേണ്ട പല കാര്യങ്ങളെക്കുറിച്ചും ഗർഭിണിയുടെ മാനസിക വ്യതിയാനങ്ങളെപ്പറ്റിയും അതിലുണ്ടാകുന്ന പ്രശ്നങ്ങളും അതിനു ചെയ്യേണ്ടുന്ന പ്രതിവിധികളെപ്പറ്റിയും ഡോ. അജീന, ഡോ. മെറിൻ, ഡോ. ജോബിൻസ്, ഡോ ദീപ്തി നായർ, ഡോ. അനു

ഫ്രാങ്കോ എന്നിവർ തമ്മിലുള്ള സംവാദം വളരെ ഹൃദ്യവും ഉപകാരപ്രദവുമായിരുന്നു. അന്നേ ദിവസം 'മദർ ഓഫ് ദ ഡേ' ആയി തിരഞ്ഞെടുത്ത അമ്മക്ക് മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ ഉപഹാരം നൽകി ഗൈനക്കോളജി നന്ദി പ്രകടിപ്പിച്ചു. ഡോ സെറീന ഗിൽവാസ് നയിച്ച കേക്ക് മുറിക്കൽ ചടങ്ങോടുകൂടി പരിപാടി അവസാനിച്ചു.




# ജൂബിലിയിൽ സ്കീസോഫ്രീനിയ ദിനാചരണവും സമ്മാനദാനവും

ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ മാനസികാരോഗ്യ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ലോക സ്കീസോഫ്രീനിയ ദിനം ആചരിച്ചു. ഇതോടനുബന്ധിച്ച് ബോധവത്കരണ ക്ലാസും പോസ്റ്റർ മത്സരവും സംഘടിപ്പിച്ചു. ബോധവത്കരണ ക്ലാസിന് സൈക്യാട്രി വിഭാഗത്തിലെ ഡോ. അശ്വിൻ മാത്യു നേതൃത്വം നൽകി. പോസ്റ്റർ ഡിസൈനിങ്ങ് മത്സരത്തിലെ വിജയികൾക്ക് സമ്മാനദാനവും നടന്നു. മത്സരത്തിൽ പങ്കെടുത്തവരേയും വിജയികളേയും ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അഭിനന്ദനങ്ങൾ അറിയിച്ചു.

# തൃശ്ശൂർ കോർപ്പറേഷനിൽ മെഡിക്കൽ ക്യാമ്പ്




തൃശ്ശൂർ കോർപ്പറേഷൻ പ്രവർത്തകർക്കായി ജൂബിലി മിഷൻ ആശുപത്രിയും തൃശൂർ കോർപ്പറേഷനും സംയുക്തമായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. തൃശ്ശൂർ കോർപ്പറേഷൻ മേയർ ഡോ. നിജി ജസ്റ്റിൻ, ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. നഗരാസൂത്രണ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൻ കരോളി ജോഷ്വാ സ്വാഗതം ആശംസിച്ചു. ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൻ ഷീന ചന്ദ്രൻ അധ്യക്ഷത വഹിച്ചു. ജൂബിലി മിഷൻ ആശുപത്രിയിലെ ഗൈനക്കോളജിസ്റ്റായ ഡോ. സറീന ഗിൽവാസ് മുഖ്യപ്രഭാഷണം നടത്തി. അഡ്വ. വില്ലി ജിജോ, സന്തോഷ് ടി.ആർ., ഗോപാലകൃഷ്ണൻ, മേഫി ഡെൽസൺ എന്നിവർ ആശംസകൾ നേർന്നു. പ്രതിപക്ഷ കൗൺസിലർമാരായ ടി.ആർ. ഹിരൺ, രഘുനാഥ് സി. മേനോൻ, കോർപ്പറേഷൻ സെക്രട്ടറി ഷിബു വി.പി., ജൂബിലി മിഷൻ സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. ജൂബിലി മിഷൻ ആശുപത്രിയിലെ കമ്മ്യൂണിറ്റി മെഡിസിൻ, ഗൈനക്കോളജി, പാത്തോളജി, ആയുർവേദം എന്നീ വിഭാഗങ്ങൾ ക്യാമ്പിന് നേതൃത്വം നൽകി. ഇരുനൂറോളം പേർ പങ്കെടുത്ത ക്യാമ്പിൽ ജീവിതശൈലി രോഗങ്ങൾ, ഗർഭാശയഗള ക്യാൻസർ, സ്തനാർബുദം മുതലായ അസുഖങ്ങൾക്കുള്ള സ്ക്രീനിങ്ങും ഡോക്ടർമാരുടെ വിദഗ്ദ്ധാപദേശവും നൽകി. ഡോ. ഐശ്വര്യ പ്രദീപ്, ഡോ. ബിന്ദു, ഡോ. സറീന, ഡോ. നീത ജോർജ്ജ്, ഡോ. സാലി ഡാനിയേൽ, ഡോ. പൊന്നു ജോസ് എന്നിവർ അടങ്ങുന്ന വിദഗ്ദ്ധ സംഘം ക്യാമ്പിൽ പങ്കെടുത്തു. കോർപ്പറേഷൻ ക്ലീൻ സിറ്റി മാനേജർ ജലീൽ എം. നന്ദി പറഞ്ഞു.



# ചേർപ്പ് ഗ്രാമപഞ്ചായത്തിൽ ജൂബിലി മിഷൻ കെയർ കാർഡ് പദ്ധതി ആരംഭിച്ചു

ജൂബിലി മിഷൻ ആശുപത്രിയുടെ എഴുപത്തഞ്ചാം വാർഷികത്തോടനുബന്ധിച്ച് നടത്തുന്ന 75 പൊതുജനക്ഷേമ പരിപാടികളുടെ ഭാഗമായി ചേർപ്പ് ഗ്രാമപഞ്ചായത്തിലെ വാർഡ് മെമ്പർമാർക്ക് 'ജൂബിലി കെയർ കാർഡ്' വിതരണം ചെയ്തു. മെമ്പർമാരിൽ നിന്ന് കെയർ കാർഡ് കൈപറ്റി ജൂബിലിയിൽ അഡ്മിറ്റാകുന്ന ചേർപ്പ് ഗ്രാമപഞ്ചായത്തിലെ രോഗികൾക്ക് മുപ്പത് ശതമാനം ഇളവ് ലഭിക്കുന്നതാണ്. വാർഡിൽ അഡ്മിറ്റാകുന്ന രോഗികൾക്കാണ് ഈ ആനുകൂല്യം ലഭിക്കുക. ജൂബി

ലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ റെന്നി മുണ്ടൻകുരിയൻ ചേർപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സിജോ ജോർജിന് 'ജൂബിലി കെയർ കാർഡ്' ഔപചാരികമായി കൈമാറി. ജൂബിലി മിഷൻ സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ 'ജൂബിലി കെയർ കാർഡ് പദ്ധതി'യെകുറിച്ച് വിശദീകരിച്ചു. ജൂബിലി മിഷൻ പേഷ്യന്റ് റിലേഷൻ മാനേജർ പ്രവീൺ ജോർജ്, ചേർപ്പ് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് വിദ്യ രമേഷ്, സെക്രട്ടറി മുംതാസ് എ വി., ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർ പേഴ്സൺ ക്രിസ്റ്റീന ടീച്ചർ, വാർഡ് മെമ്പർമാരായ ബൈജു സെൻ ജോൺ, ഉമ്മർ പി എസ്, ലോഹിതാക്ഷൻ സി. വി., സതി പി. വി., ബീന ഉണ്ണികൃഷ്ണൻ, ജയശ്രീ, മൃദുല, രുഗ്മണി, ശരണ്യ. പ്രിയലത തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ജൂബിലി മിഷൻ ആശുപത്രിയുടെ സാമൂഹ്യ പ്രതിബദ്ധതയുടേയും കാരുണ്യപരമായ ആരോഗ്യപരിചരണത്തിന്റെയും 25 വർഷം തികയുന്നതിന്റെ ഭാഗമായി നടത്തുന്ന ഈ പദ്ധതി ചേർപ്പ് പഞ്ചായത്തിലെ അർഹരായ രോഗികൾക്ക് ഉപകാരപ്രദമാകട്ടെയെന്ന് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അറിയിച്ചു

## യാത്രാമംഗളങ്ങൾ



സ്തുത്യർഹമായ സേവനത്തിനുശേഷം ജൂബിലി മിഷൻ കുടുംബത്തോട് യാത്ര പറയുന്ന ഹൗസ് കീപ്പിങ്ങ് സ്റ്റാഫ് **ശ്രീമതി ടി. ജെ. ഉഷാകുമാരിയ്ക്ക്** യാത്രാമംഗളങ്ങൾ.



സ്തുത്യർഹമായ സേവനത്തിനുശഷം ജൂബിലി മിഷൻ കുടുംബത്തോട് യാത്ര പറയുന്ന കാന്റീൻ സ്റ്റാഫ് **ശ്രീമതി കുഞ്ഞുമോൾ ജോസഫിന്** യാത്രാമംഗളങ്ങൾ.



സ്തുത്യർഹമായ സേവനത്തിനുശഷം ജൂബിലി മിഷൻ കുടുംബത്തോട് യാത്ര പറയുന്ന സൂപ്പർവൈസർ **ശ്രീ. ടി. വി. വർഗ്ഗീസിന്** യാത്രാമംഗളങ്ങൾ.



# നേഴ്സസ്ദിനം ആഘോഷിച്ച് ജൂബിലി മിഷൻ

ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ അന്താരാഷ്ട്ര നേഴ്സസ് ദിനം വിവിധ പരിപാടികളോടെ ആചരിച്ചു. ആശുപ്രതിയിലെ എല്ലാ നേഴ്സുമാർക്കും ആശംസകൾ നേർന്ന് മധുരവിതരണം നടത്തി. കൂടാതെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകൂരിയൻ നേഴ്സുമാർക്ക് ഗിഫ്റ്റ് കൂപ്പണുകൾ സമ്മാനിച്ചു. ഈ വർഷത്തെ നേഴ്സസ് ദിന സന്ദേശമായ Our Nurses, Our Future Empowered Nurses Save Lives ആസ്പദമാക്കി ആശുപത്രി സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ സന്ദേശം നൽകി. നേഴ്സുമാർ ആരോഗ്യരംഗത്ത് സേവനം ചെയ്യുന്നതിനപ്പുറം സമൂഹത്തിൽ ഒരു സ്ഥാപനത്തെക്കുറിച്ചുള്ള നല്ല പ്രതിച്ഛായ സൃഷ്ടിക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്നവരാണെന്ന് അദ്ദേഹം പറഞ്ഞു. സേവന മനോഭാവത്തോടൊപ്പം നേതൃപാടവവും കൈവരിച്ച് നേഴ്സുമാർ ആരോഗ്യരംഗത്തിന്റെ ശക്തമായ നേതാക്കളായി ഉയർന്നുവരേണ്ടതുണ്ടെന്നും ശക്തിപ്പെട്ട നേഴ്സിംഗ് സമൂഹത്തിന് അനേകം ജീവനുകളെ രക്ഷിക്കാനാകുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ആശുപത്രി മാനേജ്മെന്റും വിവിധ വകുപ്പ് മേധാവികളും നേഴ്സിങ്ങ് സൂപ്രണ്ടുമാരും ചടങ്ങിൽ പങ്കെടുത്തു.




# മായാതെ പാൽപുഞ്ചിരി കാത്തവർക്ക് മധുരവും ആനന്ദകണ്ണീരുമായി ഷഹാന

മാഞ്ഞുപോകുമായിരുന്ന പാൽപുഞ്ചിരി കോരിയെടുത്ത് പുതുജീവനേകിയപ്പോൾ കുഞ്ഞിപ്പൈതലിനും അമ്മക്കും മാത്ര മല്ല ഉറ്റവർക്കെല്ലാം അവിശ്വസനീയമായ ആഹ്ലാദം. ഗർഭാശയ ത്തിൽ 21 ആഴ്ച്ച മാത്രം വളർച്ചയുള്ള കുഞ്ഞ് പുറത്തുവരാറായി ഗുരുതരാവസ്ഥയിൽ തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ എത്തിച്ച ഇരുപത്തിമൂന്നുകാരിയായ ഗർഭിണി ഷഹാനക്കും ഇത് പുതുജന്മം ഇരുപത്തിമൂന്നാം ആഴ്ചയിൽ ജനിച്ച കുഞ്ഞ് നവ ജാതശിശു തീവ്രപരിചരണ വിഭാഗത്തിൽ 120 ദിവസത്തെ പരിപരണത്തിനു ശേഷം പൂർണ ആരോഗ്യത്തോടെ ഇക്കഴിഞ്ഞ ദിവസം വീട്ടിലേക്ക് മടങ്ങി. പരിചരിച്ച ഡോക്ടർമാർക്കും സിസ്റ്റേഴ്സിനും മധുരം സമ്മാനിച്ച് ആശുപത്രിയോട് വിട പറയുമ്പോൾ ആ കുടുംബത്തിന്റെ കണ്ണിൽ ആനന്ദാശ്രുക്കൾ നിറഞ്ഞു

ഷഹാന ഇരുപത്തൊന്ന് ആഴ്ച്ചയും നാലു ദിവസവും ഗർഭി ണിയായിരിക്കെയാണ് ബന്ധുക്കൾ മറ്റൊരു ആശുപത്രിയിൽ നിന്ന് ജൂബിലി മിഷനിലേക്ക് എത്തിച്ചത്. ഗർഭാശയമുഖം ഒമ്പതു സെന്റീമീറ്റർ തുറന്ന് രക്തസ്രാവത്തോടെ കുഞ്ഞ് പുറത്തേക്ക്

വരാൻ തുടങ്ങിയിരുന്നു. പൂർണവളർച്ചയോടെ പ്രസവിക്കാൻ 40 ആഴ്ച വേണമെന്നിരിക്കെയാണ് 21 ആഴ്ച വളർച്ചയുള്ള കുഞ്ഞിന്റെ കാലുകളും അമ്നോട്ടിക് ബാഗും പുറത്താകാറായ നിലയിൽ ഷഹാനയെ എത്തിച്ചത്. അമ്മയുടെയും കുഞ്ഞിന്റെയും ജീവൻ നിലനിർത്താനാകുമോയെന്ന ആശങ്കയോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. എമർജൻസി എൻസർക്ലേജ് എന്ന ശസ്ത്രക്രിയയിലൂടെ ഗർഭസ്ഥശിശുവിനെ രണ്ടാഴ്ചകൂടി ഗർഭാശയത്തിൽ നിലനിർത്തി. വളർച്ച 23 ആഴ്ചയും രണ്ടുദിവസവും ആയപ്പോഴേക്കും കുഞ്ഞു ജനിച്ചു. ഇത്രയും വളർച്ച കുറവുള്ള കുഞ്ഞുങ്ങളെ രക്ഷിക്കാൻ പ്രയാസമാണ്. വളരെ കുറഞ്ഞ ഭാരവും വളർച്ച പ്രാപിക്കാത്ത അവയവങ്ങളുമുള്ള കുഞ്ഞിനെ തീവ്രപരിചരണ വിഭാഗത്തിൽ പരിചരിച്ചു. ശ്വാസകോശപ്രവർത്തനം പൂർണമാകാത്തതിനാൽ ശ്വസനത്തിന് വെന്റിലേറ്റർ സഹായം, തുടർച്ചയായ ഓക്സിജൻ നൽകൽ, പോഷ കാഹാര പിന്തുണ, അണുബാധ നിയന്ത്രണം എന്നിങ്ങനെ അതിസൂക്ഷ്മമായ ശുശ്രൂഷ ജൂബിലിയിലെ ഗൈനക്കോളജി, നവജാതശിശുരോഗ പരിചരണ വിഭാഗങ്ങളുടെ കൂട്ടായ പരിചരണം. നാലുമാസം തീവ്രപരിചരണ വിഭാഗത്തിൽ വളർന്ന കുഞ്ഞ് സതന്ത്രമായി ശ്വസിക്കാനും പാൽ കുടിക്കാനും തുടങ്ങിയതോടെ വീട്ടിലേക്ക് മടങ്ങാമെന്ന് ഡോക്ടർമാർ നിർദ്ദേശിച്ചു. ചികിത്സക്ക് നേതൃത്വം നൽകിയ ഡോ. നെൽബി ജോർജ് മാത്യുവും ഡോ. നീത ജോർജും മറ്റു ഡോക്ടർമാരും നേഴ്സുമാരും അമ്മയുടേയും കുഞ്ഞിന്റേയും ജീവൻ രക്ഷിക്കാൻ സാധിച്ചതിന്റെ ചാരിതാർത്ഥ്യത്തോടെ ആ കുടുംബത്തെ യാത്രയാക്കി.

## യാത്രാമംഗളങ്ങൾ



സ്തുത്യർഹമായ സേവനത്തിനുശഷം ജൂബിലി മിഷൻ കുടുംബത്തോട് യാത്ര പറയുന്ന ഹൗസ് കീപ്പിങ്ങ് സ്റ്റാഫ് **ശ്രീമതി വൽസ സൈമണ്** യാത്രാമംഗളങ്ങൾ.

സ്തുത്യർഹമായ സേവനത്തിനുശഷം ജൂബിലി മിഷൻ കുടുംബത്തോട് യാത്ര പറയുന്ന ഹൗസ് കീപ്പിങ്ങ് സ്റ്റാഫ് **ശ്രീമതി മോളി തോമസിന്** യാത്രാമംഗളങ്ങൾ.





# ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ലോക ഹീമോഫീലിയ ദിനം ആചരിച്ചു.

ലോക ഹീമോഫീലിയ ദിനം ജൂബിലി മിഷൻ മെഡിക്കൽ കോളേജും ഹീമോഫീലിയ കുന്ദംകുളം ചാപ്റ്ററും സംയുക്തമായി വിവിധ പരിപാടികളോടെ ആചരിച്ചു. അവബോധം, അക്കാദമിക്സ് രോഗീപരിചരണം എന്നിവക്ക് പ്രാധാന്യം നൽകി നടത്തിയ പരി പാടി മദർ തെരേസ ഹാളിൽ നടന്നു. മേയർ ഡോ. നിജി ജസ്റ്റിൻ പരിപാടി ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അധ്യക്ഷത വഹിച്ചു. പരിപാടിയുടെ ഭാഗമായി തൃശ്ശൂർ

മേഖലയിലെ ഹീമോഫീലിയ പരിചരണ രംഗത്ത് നൽകിയ മികച്ച സംഭാവനകൾക്ക് ഡോ. ഷീല ടി. എ.യ്ക്ക് കണ്ണൻ മെമ്മോറിയൽ അവാർഡ് സമ്മാനിച്ചു. ഹീമോഫീലിയ രോഗികളും അവരുടെ കൂടും ബാംഗങ്ങളും പങ്കെടുത്ത അക്കാദമിക് സെഷൻ, മെഡിക്കൽ ക്യാമ്പ്, ഫിസിയോതെ റാപ്പി ക്യാമ്പ് എന്നിവയും ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു. രക്തസ്രാവ സംബന്ധമായ അസുഖങ്ങളിൽ രോഗനിർണ്ണയത്തിലെ പോരായ്മകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയും പ്രത്യേകിച്ച് സ്ത്രീകളിലും പെൺകുട്ടികളിലും ഇത്തരം അസുഖങ്ങൾ തിരിച്ചറിയുന്നതിനുള്ള അവബോധവും പരിപാടിയിൽ ഉൾപ്പെടുത്തി.

# കേരള മിഡ്-ടേം ADICON 2026ൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജിന് അഭിമാനനേട്ടം



കൊല്ലത്ത് നടന്ന കേരള മിഡ്-ടേം **ADICON 2026**-ൽ പി.ജി. പേപ്പർ പ്രസന്റേഷൻ മത്സരത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ഇ.എൻ.ടി. വിഭാഗത്തിലെ പോസ്റ്റ് ഗ്രാജുവേറ്റ് റെസിഡന്റായ ഡോ. മരിയ റോബർട്ടിന് ഒന്നാം സ്ഥാനം ലഭിച്ചു. "Sudden Darkness to the Light of Recovery A Surgical Journey to Save Sight" റിപ്പോർട്ടിനാണ് പുരസ്കാരം ലഭിച്ചത്. വൈദ്യശാസ്ത്ര ഗവേഷണ മികവും ശസ്ത്രക്രിയാരംഗത്തെ വൈദഗ്ധ്യവും പ്രതിഫലിപ്പിക്കുന്ന അവതരണമായിരുന്നു ഇത്. ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ അക്കാദമിക് മികവും ഗവേഷണ പ്രോത്സാഹനത്തിനും ഈ നേട്ടം കൂടുതൽ കരുത്തേകുന്നതാണെന്ന് കോളേജ് അധികൃതർ അറിയിച്ചു. ഡോ. മരിയ റോബർട്ടിനെ മാനേജ്മെന്റും അധ്യാപകരും സഹപാഠികളും അനുമോദിച്ചു.







# ലോകാരോഗ്യദിനം റെയിൽവേയുമൊപ്പം

ലോകാരോഗ്യ ദിനം ജുബിലി മിഷൻ മെഡിക്കൽ കോളേജ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗവും റെയിൽവേ ഹെൽത്ത് യൂണിറ്റും ചേർന്ന് തൃശ്ശൂർ റെയിൽവേ സ്റ്റേഷനിലെ ഒന്നാം പ്ലാറ്റ്ഫോമിൽ ആചരിച്ചു.

സീനിയർ റെസിഡന്റുമാരായ ഫാ. ഡോ. ജോബിൻ, ഡോ. അലിന എന്നിവർ കൂടാതെ ജൂനിയർ റെസിഡന്റുമാരായ ഡോ. ഷമീമ, ഡോ. അർജുൻ പി.സി., ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ. മനോഹരൻ, ശ്രീ. ആൻസൺ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

ബോധവത്കരണ പോസ്റ്ററുകൾ പ്രദർശിപ്പിക്കുകയും പംഫ്ലറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു.

“ആരോഗ്യത്തിനായി ഒന്നിച്ച് ശാസ്ത്രത്തിനൊപ്പം നിൽക്കാം” എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. ഷമീമയും ഡോ. അർജുനും ബോധവത്കരണ ക്ലാസ് നടത്തി.



# ഹാർമണി 2026

## ജൂബിലി നഴ്സിംഗ് സ്കൂളിൽ മാതാപിതാക്കളുടെ സംഗമം

ജൂബിലി മിഷൻ ആശുപത്രിയുടെ പ്ലാറ്റിനം ജൂബിലി വാർഷികാഘോഷത്തിന്റെയും ജൂബിലി മിഷൻ സ്കൂൾ ഓഫ് നഴ്സിങ്ങിന്റെ ഡയമണ്ട് ജൂബിലി ആഘോഷത്തിന്റെയും ഭാഗമായി ജൂബിലി മിഷൻ സ്കൂൾ ഓഫ് നഴ്സിങ്ങ് സംഘടിപ്പിച്ച 'ഹാർമണി 2026' എന്ന മാതാപിതാക്കളുടെ സംഗമം ബിഷപ്പ് ആലപ്പാട്ട് ഓഡിറ്റോറിയത്തിൽവെച്ച് നടന്നു. ജൂബിലി മിഷൻ സ്കൂൾ ഓഫ് നഴ്സിങ്ങ് പ്രിൻസിപ്പാൾ സി. റെജി അഗസ്റ്റിൻ സ്വാഗതം ആശംസിച്ചു. ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ പരിപാടി ഉദ്ഘാടനം ചെയ്തു. സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് അധ്യക്ഷത വഹിച്ചു. അസി. ഡയറക്ടർ ഫാ. ജോയ്സൺ ചെറുവത്തൂർ ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങിന്റെ പ്രിൻസിപ്പാൾ ഡോ. സി. ജൂഡി എസ്. ഐ. സി., പി.ടി.എ. പ്രസിഡന്റ് സാബു കെ. ജോൺ, റിസർച്ച് കോ-ഓർഡിനേറ്റർ ഡോ. വർഗ്ഗീസ് എന്നിവർ ആശംസകളർപ്പിച്ചു. സ്കൂൾ ഓഫ് നഴ്സിങ്ങിന്റെ വൈസ് പ്രിൻസിപ്പാൾ സിജി ജോസ് നന്ദി രേഖപ്പെടുത്തി. 'ഹെൽത്തി ഫാമിലി, ഹെൽത്തി




ക്യാമ്പസ്' എന്ന വിഷയത്തെ ആസ്പദമാക്കി ജൂബിലി സൈക്യാട്രി വിഭാഗത്തിലെ അസി. പ്രൊഫസർ ഫാ. ഡോ. ദേവ് അഗസ്റ്റിൻ അക്കര മാതാപിതാക്കൾക്കായി ബോധവത്കരണ ക്ലാസുകൾ നയിച്ചു. വിദ്യാർത്ഥികളുടെ കലാപരിപാടികളോടുകൂടി പരിപാടി സമാപിച്ചു.



# യാത്രാമംഗളങ്ങൾ



സ്തുത്യർഹമായ സേവനത്തിനുശഷം ജൂബിലി മിഷൻ കുടുംബത്തോട് യാത്ര പറയുന്ന സ്വീപ്പർ **ശ്രീമതി കുഞ്ഞുമോൾ ബാബുവിന്** യാത്രാമംഗളങ്ങൾ.

സ്തുത്യർഹമായ സേവനത്തിനുശഷം ജൂബിലി മിഷൻ കുടുംബത്തോട് യാത്ര പറയുന്ന ഫാർമസി അസിസ്റ്റന്റ് **ശ്രീമതി വൽസ എൻ. ജെ. യ്ക്ക്** യാത്രാമംഗളങ്ങൾ.



## Welcome TO JUBILEE FAMILY

| | |
|---|---|
| CA Franco Joseph Konikkara | Accounts Section |
| Dr Punky Jose | Pharmacology |
| Dr Abdul Rahiman | Obstetrics & Gynaecology |
| Dr Mary Diana Vincent | Pathology |
| Dr Atheena P Asok | Anaesthesia |
| Dr Sandra Saji | Cardiology |
| Dr Shirin Sarah Mathew | Pharmacology |
| Dr Arathi S Raj | Forensic Medicine |
| Dr Mohit Josson Kakkassery | Emergency Medicine |
| Dr Jogi Varghese | Emergency Medicine |
| Dr Jobi T John | Physiology |
| Mrs Jincy C Jacob | JCMR |
| Mrs Neethu Anto | Insurance Office |
| Mrs Namitha Nelson K | Insurance Office |
| Ms. Aparna Sajeev | Insurance Section |
| Mr Diljith P V | Anatomy |
| Mrs Lini M Raju | IT Department |
| Mrs Seethal Shaju | IT Department |
| Mr Samjo Johnson | Central Purchase |
| Mrs Amalu Xavier | Central Library |
| Mrs. Dimple Reeshen | HRD |
| Mrs Akhitha Davis | JMSON |
| Sr. Anice Mattathil (Anice Abraham) | Counter |
| Mrs. Merin Joseph | Accounts Section |
| Ms. Silpa P. R. | Anaesthesia |
| Ms. Divya Gopi | Dialysis |
| Ms. Vismaya P. V. | Dialysis |
| Ms. Sandra Surendran | Dialysis |
| Ms. Aleena S. Shibu | Dialysis |
| Ms. Abhina M. V. | Dialysis |
| Ms. Anakha C. R. | Neurology |
| Mr. Vishnudas V. S. | Transport |
| Mr. Antony | Canteen |
| Mrs. Sujisha | Canteen |
| Mr. Vijo Joseph | Laundry |
| Mr. Athul Ajay | Cardiiology |
| Ms. Mary Rison | Dialysis |
| Ms. Aiswarya Prasad | Dialysis |
| Ms. Aleena C. B. | Dialysis |
| Ms. Jyothika T. J. | Dialysis |
| Ms. Anju Mariya A. S. | Operation Theatre |
| Mrs. Swinta Anto | Counter |
| Mr. Jiss C. J. | Canteen |
| Mrs. Vimi Biju | Canteen |
| Mrs. Subha P. R. | Canteen |
| Mr. Saneesh E. V. | Laundry |

## NURSING

Mrs Anjaly Poulose
Mrs Ajeesha Subran
Mrs Anjitha P
Mrs Presteena Roy
Mrs Nibitha Babu K
Mrs. Jini Johnson M.
Ms. Maris Joy
Mrs. Aswani P.
Mrs. Mariya Benny
Ms. Shelby T. A.
Ms. July K. Noble
Mrs. Sakhi Jose
Ms. Dhinsha A. D.
Ms. Maria Bini Joseph
Ms. Bidhuna Benny
Ms. Asin Biju
Mrs Sameera Jose
Mrs Devika Vijayan
Mrs Dila Devassy
Mrs Snehamol K P
Mrs Sanitta C J
Ms. Riya Raju
Ms. Anitta Thomas
Mrs. Shybi M. K.
Mrs. Suvija K. B.
Ms. Gigitha Babu
Mrs. Preetha Poulose
Mrs. Sonimol E. Y.
Ms. Linumol Johny
Mrs. Jomy Thomas
Ms. Emilda P. B.
Mrs Jansini Joseph
Mrs Aisel Shaiju
Mrs Lincy Poulose
Mrs Reshma Tresa
Mrs Sherin Johny
Mrs. Shyna Bernard
Mrs. Amrutha Alex
Mrs. Neha Johny
Mrs. Siji Varghese
Ms. Anna Saji
Ms. Aible Thomas
Mrs. Hency T. H.
Mrs. Archana N. J.
Mrs. Sushitha P. S.
Ms. Jannet Mariya Jose
Mrs Liya Joy
Mrs Ajeena T S
Mrs Nimmi Joy
Mrs Somy Francis
Mrs. Fuji Johny T.
Mrs.Christeena Yohannan
Mrs. Anu P. P.
Mrs. Maria Jacxy
Ms. Anu Kuttan
Ms. Anu Stephen
Mrs. Anagha Shaju
Ms. Haritha Jiju
Mrs. Delsy Davis
Ms. Alna Ouseph
Ms. Shreya M. S.




ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയുമായി ബന്ധപ്പെട്ട എന്റെ അനുഭവങ്ങൾ എല്ലായ്പ്പോഴും വളരെ മികച്ചതായിരുന്നു. ഹൃദ്രോഗ ചികിത്സയ്ക്കായി എന്റെ മാതാപിതാക്കളെ ഡോ. മനോജ് രവിയുടെ പരിചരണത്തിനായി ഇവിടെ കൊണ്ടുവരാറുണ്ടായിരുന്നു. കാര്യക്ഷമമായ കൺസൾട്ടേഷൻ സംവിധാനവും മികച്ച ചികിത്സാ നിലവാരവും വളരെ ശ്രദ്ധേയമാണ്. ഇപ്പോൾ എന്റെ അമ്മയുടെ കീമോതെറാപ്പി ചികിത്സയ്ക്കായി ഡേ കെയർ സെന്ററിലേക്ക് സ്ഥിരമായി വരാറുണ്ട്. ഡോ. ബിബിൻ ഫ്രാൻസിസിന്റെയും സംഘത്തിന്റെയും നേതൃത്വത്തിലുള്ള ചികിത്സയും പരിചരണവും അത്യുന്നത നിലവാരത്തിലുള്ളതാണ്. പ്രത്യേകിച്ച് ഇവിടെ ലഭിക്കുന്ന നഴ്സിംഗ് പരിചരണം ഏറെ പ്രശംസനീയമാണ്. ഓരോ നഴ്സും അതിയായ കരുതലോടെയും സഹാനുഭൂതിയോടെയും പ്രൊഫഷണലിസത്തോടെയും രോഗികളെ പരിചരിക്കുന്നത് ഏറെ ഹൃദയസ്പർശിയാണ്.

Together,
We are the
Patient Experience !

കാൻസർ രോഗികൾക്ക് അത്യാവശ്യമായ മാനസിക പിന്തുണയും ആത്മവിശ്വാസവും നൽകുന്ന സമീപനമാണ് ഇവിടെ കാണുന്നത്. വാർഡിന്റെ സൗകര്യങ്ങളും വൃത്തിയും വളരെ മികച്ചതാണ്; മുഴുവൻ അന്തരീക്ഷവും രോഗികൾക്ക് ആശ്വാസകരമാണ്.

ചികിത്സയുടെ നിലവാരത്തിലും സേവനത്തിന്റെ മികവിലും കീമോതെറാപ്പി ഡേ കെയർ സെന്ററിലെ മുഴുവൻ സംഘവും വളരെ ഉയർന്ന മാനദണ്ഡം സ്ഥാപിച്ചിരിക്കുകയാണ്. ആത്മാർത്ഥമായ നന്ദിയും അഭിനന്ദനവും.





# JOURNAL CLUB

RESEARCH WINGS

JCMR organised the 92nd Journal club meeting on 26th March 2026, Thursday at New CCM hall. The speaker on the occasion was Dr. Henson Henry, Senior Resident, Department of Medicine. The topic was based on an article titled "Precision Immunotherapy to Improve Sepsis Outcomes: The ImmunoSep Randomized Clinical Trial. Giamarellos-Bourboulis EJ, Kotsaki A, Kotsamidi I, et al.

JAMA. 2026; 335(9):775-786. The article analysed the importance of precision immunotherapy in improving sepsis outcomes especially in Macrophage activation syndrome based on randomized clinical trial. Dr M A Andrews (Principal), Dr Sanitha Kuriachan, Dr Aaron David and Dr Aparna Rajeev participated in the discussion and phenotype matched immunotherapy was discussed in detail. Dr Mathew John welcomed the gathering and Ms Keerthana P V delivered vote of thanks.




# OTITIS MEDIA WITH EFFUSION (OME): A SILENT KILLER OF MIDDLE EAR -

## A CLINICAL OVERVIEW

Otitis Media with Effusion (OME), commonly referred to as Middle Ear Effusion, is a condition characterized by the accumulation of fluid in the middle ear without signs of acute infection. It is frequently observed in children and may lead to hearing impairment if not identified and managed appropriately. This article outlines the anatomy, pathophysiology, clinical features, complications, and management of OME.

The middle ear is an air-filled cavity situated behind the tympanic membrane (eardrum). For normal auditory function, the air pressure within the middle ear must remain

equal to atmospheric pressure. This balance allows the tympanic membrane to vibrate efficiently in response to sound waves.

Any imbalance in pressure can impair the mobility of the eardrum, leading to hearing difficulties. Otitis Media with Effusion arises when fluid accumulates in the middle ear due to dysfunction of the Eustachian tube which is the ventillation cum drainage tube to provide air into the air filled middle ear cavity .



## Anatomy and Physiology

The Eustachian tube is a narrow canal, approximately 36 mm in length, connecting the middle ear to the nasopharynx. Its primary function is to regulate air pressure within the middle ear and facilitate drainage of secretions.

The tube remains closed at rest and opens only during swallowing, yawning, or forced exhalation with a closed mouth. Proper functioning of the Eustachian tube is essential for maintaining middle ear health.

## Pathophysiology

In children, the Eustachian tube is more prone to dysfunction due to anatomical and physiological factors. When the tube fails to open adequately, negative pressure develops within the middle ear. This leads to the accumulation of a thick, sticky fluid, commonly referred to as "glue ear."



This condition often progresses silently, with minimal symptoms apart from mild hearing loss, making early detection challenging without having pain or discharge

## Clinical Features

OME is typically asymptomatic in its early stages. The most common clinical feature is mild to moderate hearing impairment. Pain and overt signs of infection are usually absent, which may delay diagnosis.

## Complications

If left untreated, OME may lead to several complications, including:

1. Reduced mobility and elasticity of the tympanic membrane
2. Adhesion of the eardrum to the middle ear structures
3. Formation of retraction pockets, potentially leading to chronic ear disease
4. Damage to the ossicular chain (malleus, incus, and stapes), resulting in conductive hearing loss

## Natural Course

In many cases, Eustachian tube function improves with age, particularly around 14–15 years. However, lack of appropriate management during early stages may result in permanent middle ear damage and long-term hearing impairment.

# MANAGEMENT




## Medical Management

Early-stage OME can often be managed with medications. Regular follow-up with a healthcare provider is essential to monitor progress and prevent complications. Discontinuation of treatment without medical advice may worsen the condition.

## Surgical Management

In cases where medical management is ineffective, surgical intervention may be required. This involves the insertion of a ventilation tube (grommet) into the tympanic membrane to facilitate aeration of the middle ear and drainage of fluid.

The tube typically remains in place for approximately six months. During this period, precautions must be taken to prevent water entry into the ear.

## Indications for Surgery

- Structural changes in the tympanic membrane
- Persistence of symptoms despite three months of medical therapy
- Hearing impairment affecting academic performance

## Associated Factors and Recurrence

Recurrence of OME is common, particularly in children with frequent upper respiratory tract infections. Contributing factors include:



- Immature immune system causing recurrent upper respiratorytract infections
- Easy transmission of infections among children
- Enlarged adenoids causing airway obstruction

Effective management of recurrent infections is crucial to prevent relapse.

Otitis Media with Effusion is a common but often overlooked condition that requires timely diagnosis and consistent follow-up. Although it may resolve spontaneously in some cases, neglect can lead to significant complications, including permanent hearing loss of mild to moderate hearing loss. A structured approach involving early detection, appropriate treatment, and regular monitoring is essential for optimal outcomes.

**Dr. George M. V.**

Professor, E. N. T.

Jubilee Mission Medical College &

Research Institute



# തലവേദന
## കാരണങ്ങളും പരിഹാരവും ആയുർവേദത്തിൽ

ആധുനിക കാലഘട്ടത്തിൽ മിക്കവരെയും അലട്ടുന്ന ഒരു പ്രധാന പ്രശ്നമാണ് തലവേദന. ആയുർവേദത്തിൽ തലവേദനയെ ശിരശൂലം എന്നാണ് വിളിക്കുന്നത്. ശരീരത്തിലെ വാതം, പിത്തം, കഫം എന്നീ ദോഷങ്ങളുടെ അസന്തുലിതാവസ്ഥയാണ് പ്രധാനമായും തലവേദനയ്ക്ക് കാരണമാകുന്നത്.

### തലവേദനയുടെ പ്രധാന കാരണങ്ങൾ:

**അസമയത്തുള്ള ഭക്ഷണം**

ശരിയായ സമയത്ത് ഭക്ഷണം കഴിക്കാതിരിക്കുകയോ അമിതമായി ഭക്ഷണം കഴിക്കുകയോ ചെയ്യുന്നത് ദഹനക്കേടിനും അതുവഴി തലവേദനയ്ക്കും കാരണമാകുന്നു.

**ഉറക്കമില്ലായ്മ**

രാത്രി വൈകി ഉറങ്ങുന്നതും ഉച്ചയുറക്കവും ശരീരത്തിലെ

ദോഷങ്ങളെ വ്യതിയാനപ്പെടുത്തുകയും ചെയ്യുന്നത് തലവേദനയ്ക്ക് കാരണമാകുകയും ചെയ്യും.



### മാനസിക സമ്മർദ്ദം

അമിതമായ ചിന്ത, ദേഷ്യം, പേടി, മാനസിക സമ്മർദ്ദം എന്നിവ വാതദോഷത്തെ വർദ്ധിപ്പിക്കുകയും തലവേദന ഉണ്ടാക്കുകയും ചെയ്യുന്നു.

### കാലാവസ്ഥ വ്യതിയാനം

അമിതമായ വെയിൽ ഏൽക്കുന്നതും തണുത്ത വെള്ളത്തിലെ കുളിയും ചിലരിൽ തലവേദന ഉണ്ടാക്കാം.

### കാഴ്ചവൈകല്യങ്ങൾ

കണ്ണിന് അമിതമായ ആയാസം നൽകുന്നത് (ഫോൺ, കമ്പ്യൂട്ടർ ഉപയോഗം) മറ്റൊരു കാരണമാണ്.

## പ്രധാന ആയുർവേദ ഔഷധങ്ങൾ

അണുതൈലം / ക്ഷീരബല: നസ്യത്തിനായി ഉപയോഗിക്കുന്നു





**പഥ്യാഷഡംഗം കഷായം:**

വിട്ടുമാറാത്ത തലവേദനയ്ക്കും മൈഗ്രേനും വളരെ ഫലപ്രദമാണ്.

**വാരണാദി കഷായം**

കഫം മൂലമുള്ള തലവേദനയ്ക്ക് ഫലപ്രദം.

**ശിരോധാരം**

നെറ്റിയിൽ ഔഷധ എണ്ണയോ തൈലോ ധാരയായി ഒഴിക്കുന്നത് തലവേദനയ്ക്ക് മികച്ചതാണ്.

**തലപൊതിച്ചിൽ**

ഔഷധകൂട്ട് തലയിൽ പൊതിഞ്ഞ് വെക്കുന്ന രീതി പിത്തശ്ശ ശിരോരോഗങ്ങൾക്ക് ഇത് അന്ത്യന്താപേക്ഷിതമാണ്.

**വിരേചനം**

വയറിളക്കി ദോഷങ്ങളെ പുറന്തള്ളുന്ന രീതി. പിത്തജ ശിരോരോഗത്തിന് ഇത് മികച്ചതാണ്.


**ഡോ. വിഷ്ണു മോഹൻ**

ജൂനിയർ ആയുർവേദ ഡോക്ടർ

ജൂബിലി ആയുർവേദ മിഷൻ ഹോസ്പിറ്റൽ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്



Editorial Board

Rev. Fr. Dr. Demin Tharayil | Dr. Benny Joseph | Dr. Aswath Kumar R
Mr. Noble Thomas | Adv. Justin C J | Mr. Baby P A | Ms. Rakhi K B
| Ms. Steffy Jose | Mr. Joshi Paul





Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE